**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4602** **19-03-2025 - ൽ മറുപടിയ്ക്ക്**

**വനഭൂമി കൈയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ വ്യക്തികൾ വനഭൂമി കൈയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | സ്വകാര്യ വ്യക്തികൾ വനഭൂമി കൈയ്യേറുന്നതും, നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതും തടയുന്നതിന്, സ്ഥിരം ജണ്ടകെട്ടി വനാതിർത്തി വേർതിരിക്കുന്ന നടപടിയാണ് സ്വീകരിക്കുന്നത്. വനാതിർത്തികളിൽ നിലവിൽ നിർമ്മിച്ച ജണ്ടകളുടെ ജി.പി.എസ് റീഡിംഗ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആയതിനായി ഒരു Standard Operating Procedure (SOP) തയ്യാറാക്കുകയും, ആയതിന്റെ ഭാഗമായി അത്യാധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മാപ്പിംഗ് നടത്തി വരുന്നുമുണ്ട്. വനമേഖലകളിൽ നിരന്തരമായ പട്രോളിംഗ്, ഏര്യ മാപ്പിംഗ്, ക്യാമറ ട്രാപ്പിംഗ്, ഡ്രോൺ നിരീക്ഷണം എന്നിവയും വനംകയ്യേറ്റം തടയുന്നതിന് മുൻകരുതൽ മാർഗ്ഗങ്ങളായി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര ഹെക്ടർ വനഭൂമിയിൽ കൈയേറ്റം നടന്നിട്ടുണ്ട്; ഇതിൽ എത്ര ഹെക്ടർ ഒഴിപ്പിച്ചു; ഇനി എത്ര ഹെക്ടർ ഒഴിപ്പിക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2022-23 വർഷത്തെ ഭരണറിപ്പോർട്ട് പ്രകാരം, കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 12.2648 ഹെക്ടർ വനഭൂമി കൈയ്യേറ്റം നടന്നിട്ടുണ്ട്. ആയത് ഒഴിപ്പിച്ചിട്ടില്ല. ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ